# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിമൂന്ന്

## മരിച്ചവരുടെ ആവശ്യം-
## ജീവന്റെ പുനരുത്ഥാനം

## (1)

ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുന്ന സംഭവം തീർച്ചയായും അത്ഭുതകരമായ ഒന്നാണ്. മരിച്ച് നാലു ദിവസമായി അടക്കപ്പെട്ട് നാറ്റം വച്ചു തുടങ്ങിയ ഒരു മനുഷ്യന്റെ കാര്യം നാം ഇവിടെ കാണുന്നു. എന്നിരുന്നാലും, അവനെ ഉയിർപ്പിച്ചു. എന്തുകൊണ്ട് മറ്റു മൂന്ന് സുവിശേഷങ്ങൾ ഈ അത്ഭുതകരമായ സംഭവത്തിന്റെ രേഖ നമുക്ക് നൽകുന്നില്ല? ഈ സംഭവം ആശ്ചര്യകരമാണെങ്കിലും മറ്റു സുവിശേഷങ്ങൾ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഈ പുനരുത്ഥാനം എന്ന വിഷയം മറ്റു മൂന്ന് സുവിശേഷങ്ങളുടെ ഉദ്ദേശ്യങ്ങളോട് യോജിക്കുന്നില്ല; ഇത് യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യത്തോട് മാത്രം യോജിക്കുന്നു. മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവ ജീവൻ ഒഴികെയുള്ള ഉദ്ദേശ്യങ്ങളുള്ള സുവിശേഷങ്ങളാണ്. യോഹന്നാൻ ജീവനെ സംബന്ധിച്ച സുവിശേഷമാണ്. അതുകൊണ്ട്, യോഹന്നാനുവേണ്ടി പരിശുദ്ധാത്മാവ് ഈ സംഭവം സൂക്ഷിച്ചു. യോഹന്നാന്റെ സുവിശേഷം ജീവന്റെ പുസ്തകമാണെന്ന് ഇത് തെളിയിക്കുന്നു.

### I. മരിച്ചവനും അവന്റെ ആവശ്യവും

11:1-4-ൽ നാം മരിച്ചവനെയും അവന്റെ ആവശ്യവും കാണുന്നു. ലാസർ രോഗി മാത്രമല്ല എന്നാൽ മരിച്ചവനും ആയിരുന്നു(11:14). അതുകൊണ്ട് അവന് രോഗസൗഖ്യമല്ല, പുനരുത്ഥാനം ആവശ്യമായിരുന്നു. കർത്താവിന്റെ രക്ഷയിൽ അവൻ രോഗികളെ സൗഖ്യമാക്കുക മാത്രമല്ല, അവൻ മരിച്ചവർക്ക് ജീവൻ നൽകുകയും ചെയ്യുന്നു. അതുകൊണ്ട് രോഗിയായവൻ മരിക്കുന്നതു വരെ രണ്ടു ദിവസം അവൻ കാത്തുനിന്നു(11:6). കർത്താവ് ജനത്തെ നവീകരിക്കുകയോ അവരെ

നിയന്ത്രിക്കുകയോ ചെയ്യുന്നില്ല; അവൻ ജനത്തെ വീണ്ടുംജനിപ്പിക്കുകയും മരണത്തിൽനിന്ന് അവരെ ഉയിർപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, മറ്റു ഏഴ് സംഭവങ്ങളിൽ വെളിവാക്കിയിരിക്കുന്നത് വീണ്ടുംജനനത്തിന്റെയും പുനരുത്ഥാനത്തിന്റെയും തത്ത്വത്തിൽ ആയിരിക്കുന്നതുപോലെ, ക്രിസ്തു നമുക്ക് ജീവൻ ആണ് എന്നതിന്റെ വിവിധ വശങ്ങളെല്ലാം വെളിപ്പെടുത്തിക്കൊണ്ട് ഒൻപത് സംഭവങ്ങളിൽ ആദ്യത്തേത് വീണ്ടുംജനനത്തെക്കുറിച്ചും അവസാനത്തേത് പുനരുത്ഥാനത്തെക്കുറിച്ചും ആണ്. ഈ അവസാനത്തെ സംഭവം യഥാർത്ഥത്തിൽ മരണത്തെ ജീവനാക്കി മാറ്റുന്നതാണ്.

ക്രിസ്തു ലാസറിനെ മരണത്തിൽനിന്ന് ഉയർപ്പിക്കുന്ന കാര്യത്തിലേക്ക് പോകുന്നതിനുമുമ്പ്, യോഹന്നാന്റെ സുവിശേഷം രണ്ടു സംഗതികൾ വെളിപ്പെടുത്തുന്നു എന്നു നാം മനസ്സിലാക്കണം. അനുലോമവശത്ത്, ക്രിസ്തു നമ്മുടെ ജീവനാകുവാൻ വന്നു എന്ന് അത് വെളിപ്പെടുത്തുന്നു. ദൈവപുത്രൻ ദൈവത്തിന്റെ ആവിഷ്കാരമായ ദൈവവചനമാണ്. ദൈവത്തിന്റെ ആവിഷ്കാരം എന്ന നിലയിൽ, നമ്മുടെ ജീവനാകുവാൻ അവൻ ജഡത്തിൽ വന്നു. സുവിശേഷത്തിലുടനീളം ഓരോ അദ്ധ്യായത്തിലും ഈ കേന്ദ്രചിന്ത കാണുന്നു. മതം, യെഹൂദന്മാരുടെ യെഹൂദമതംപോലും, ജീവൻ എന്ന നിലയിൽ ക്രിസ്തുവിന് വളരെ എതിരായിരിക്കുന്നു എന്നാണ് പ്രതിലോമവശത്ത് ഈ പുസ്തകം കാണിക്കുന്നത്. ഈ പുസ്തകം ശ്രദ്ധാപൂർവ്വം വായിച്ചാൽ, ശക്തവും യഥാർത്ഥവുമായ മതംപോലും ജീവനായ ക്രിസ്തുവിനെ എപ്രകാരം എതിർക്കുന്നു എന്ന് നിങ്ങൾ കാണും. ഈ സുവിശേഷത്തിലെ ആദ്യത്തെ പത്ത് അദ്ധ്യായങ്ങളിൽ നമ്മുടെ കർത്താവ് നേരിട്ട ഏക എതിർപ്പ് യെഹൂദമതത്തിൽ നിന്നായിരുന്നു. മതം അവനെ എതിർക്കുകയും തിരസ്ക്കരിക്കുകയും നിഷേധിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. ഒടുവിൽ, പത്താം അദ്ധ്യായത്തിന്റെ അവസാനം അവൻ മതം വിട്ടുപോകുവാൻ നിർബന്ധിതനായി. അവൻ ആലയവും വിശുദ്ധനഗരവും യെഹൂദമതത്തിന്റെ എല്ലാ നല്ല കാര്യങ്ങളും ഉപേക്ഷിക്കുകയും ഒരു പുതിയ നിലപാടിലേക്ക് വരുകയും ചെയ്തു.

ഒന്നാം അദ്ധ്യായം മുതൽ പത്താം അദ്ധ്യായം വരെയുള്ള എല്ലാ അദ്ധ്യായങ്ങളിലും മതം ക്രിസ്തുവിന് എതിരാണ് എന്നതിനെ സംബന്ധിച്ച വിഷയം നമുക്ക് കാണുവാൻ കഴിയും. ഒന്നാം അദ്ധ്യായത്തിൽ മതം ഒരു വലിയ നേതാവിന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നു എന്നു നാം കാണുന്നു. മശിഹാ എന്നു വിളിക്കപ്പെടുന്നവനെ, ഏലിയാവിനെ, അല്ലെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകനെ മതം കാത്തിരുന്നു. എങ്കിലും, ക്രിസ്തു വന്നത് ഒരു വലിയ നേതാവായല്ല, വീണ്ടെടുപ്പ് നിറവേറ്റുവാനായി ദൈവത്തിന്റെ ചെറിയ ആട്ടിൻകുട്ടിയായും, ദൈവ

ത്തിന്റെ കെട്ടുപണിക്കുവേണ്ടി രൂപാന്തരപ്പെട്ട കല്ലുകളെ ഉളവാക്കുവാൻ ചെറിയ പ്രാവായും ആയിരുന്നു. അങ്ങനെ, ഈ സുവിശേഷത്തിന്റെ ഒന്നാം അദ്ധ്യായത്തിൽപോലും, തെറ്റായ മാർഗ്ഗം, ജീവന്റെ മാർഗ്ഗത്തി ലല്ലാത്ത വേറൊരു മാർഗ്ഗം, മതം സ്വീകരിക്കുന്നതിന്റെ സൂചന നാം കാണുന്നു. മതവും ജീവനും തമ്മിൽ വലിയ പൊരുത്തക്കേട് ഉണ്ട്.

രണ്ടാം അദ്ധ്യായത്തിൽ മതം ജീവനെ നശിപ്പിക്കുവാൻ ശ്രമിക്കു മെന്ന് നാം കാണുന്നു. കാരണം മതം യേശുവിനെ നശിപ്പിക്കുവാൻ ശ്രമിക്കും. എന്നാൽ ദിവ്യജീവനായ യേശു ആ വിനാശത്തിൽനിന്ന് തന്നെത്താൻ ഉയിർക്കും. ജീവന് വിനാശത്തെ ചെറുത്തുനിൽക്കുവാൻ മാത്രമല്ല, മരണത്തിന്റെ വിനാശത്തിൽനിന്ന് തന്നെത്താൻ ഉയിർക്കു വാനും കഴിയും.

മൂന്നാം അദ്ധ്യായത്തിൽ കർത്താവായ യേശുവിനെ റബ്ബീ എന്ന് അഭിസംബോധന ചെയ്തുകൊണ്ടും ദൈവത്തിൽനിന്ന് അയയ്ക്ക പ്പെട്ട ഉപദേഷ്ടാവായി അവനെ പരാമർശിച്ചുകൊണ്ടും അവനെക്കു റിച്ച് മതപരമായ ധാരണ വച്ചുപുലർത്തിയിരുന്ന ഉന്നത നിലവാര മുള്ള ഒരു മനുഷ്യനായ നിക്കോദേമൊസ്സിനെ നാം കാണുന്നു. അത്തരം ധാരണകളെല്ലാം മതപരമാണ്.

നാലാം അദ്ധ്യായത്തിൽ ദരിദ്രയും അധമയും അസന്മാർഗ്ഗിയും താണനിലവാരമുള്ളവളുമായ ഒരു ശമര്യക്കാരി സ്ത്രീപോലും മതപ രമായ ധാരണ വച്ചുപുലർത്തിയിരുന്നതായി നാം കാണുന്നു. കർത്താ വുമായുള്ള അവളുടെ സംഭാഷണത്തിന്റെ ഒരു ഘട്ടത്തിൽ ദൈവത്തെ ആരാധിക്കുന്നതിനെ സംബന്ധിച്ച് അവൾ സംസാരിക്കുവാൻ തുട ങ്ങുന്നു. ശമര്യക്കാരുടെ ഇടയിൽ മതം യാഥാസ്ഥികമായിരുന്നില്ലെ ങ്കിലും അതൊരു മതമായിരുന്നു. ശമര്യക്കാർക്ക് മതപരമായ പാരമ്പ ര്യവും പിൻതുടർച്ചയും ഉണ്ടായിരുന്നു.

അഞ്ചാം അദ്ധ്യായത്തിൽ ജീവനോടുള്ള മതത്തിന്റെ എതിർപ്പ് പൂർണ്ണമായും ഉത്തേജിപ്പിക്കപ്പെട്ടത് നാം കാണുന്നു. കർത്താവായ യേശു ശക്തിഹീനനായ മനുഷ്യനെ ശബ്ബത്തുനാളിൽ ചൈതന്യവ ത്ക്കരിച്ചു എന്ന വസ്തുത മൂലമായിരുന്നു അത്. യെഹൂദന്മാർക്ക്, ശബ്ബത്തിനെ സംബന്ധിച്ച തങ്ങളുടെ നിയന്ത്രണങ്ങൾ അവൻ ലംഘി ച്ചതായി തോന്നി. തത്ഫലമായി, അവർ അവനെ എതിർക്കുവാൻ തുടങ്ങി. വാസ്തവത്തിൽ അവർ കർത്താവിനോട് വളരെയധികം എതിരാകുവാൻ ആരംഭിച്ചു. ആവശ്യക്കാർക്കുള്ള ജീവൻ ആയ കർത്താവിനോട് മതത്തിന്റെ ചട്ടങ്ങളും നിയമങ്ങളും എങ്ങനെ എതി രാണ് എന്ന് ഈ സംഭവം മൂലം നമുക്ക് കാണുവാൻ കഴിയും. നമ്മുടെ ജീവനായ കർത്താവ് ഒരു കാര്യവും, എന്നാൽ മതം അതിന്റെ ചട്ട ങ്ങളോടും നിയമങ്ങളോടുംകൂടെ മറ്റൊരു കാര്യവുമാണ്. ജീവനായ

ക്രിസ്തുവിനും നിയമങ്ങളോടുകൂടിയ മതത്തിനും ഒരിക്കലും ഒരുമിച്ചു പോകുവാൻ കഴിയുകയില്ല.

ആറാം അദ്ധ്യായത്തിലും മതത്തെ സംബന്ധിച്ച ചിലത് നാം കാണുന്നു. യേശു, അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് പുരുഷാരത്തെ പോഷിപ്പിച്ചത് ആളുകൾ കണ്ടപ്പോൾ അവർ പറഞ്ഞു, "ലോകത്തിലേക്ക് വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം" എന്ന് (16:14). അവർ കർത്താവിനെ തങ്ങളുടെ രാജാവാക്കുവാൻ ഭാവിച്ചു (6:15). അത് മതപരമായ ഒരു ധാരണയായിരുന്നു. കർത്താവായ യേശു അവരിൽനിന്ന് പിൻവാങ്ങി, കാരണം ജനത്തിനു ഭക്ഷണയോഗ്യമായ ചെറിയ അപ്പം ആയിരിക്കുവാൻ അവൻ ആഗ്രഹിച്ചു.

ഏഴാം അദ്ധ്യായത്തിൽ മറ്റൊരു മതപരമായ ധാരണ നാം കാണുന്നു. മതത്തിന്റെ ഉത്സവസമയത്ത് ആളുകൾ യേശുവിനെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു, എന്നാൽ യേശു നിന്നുകൊണ്ട് അവരുടെ വരണ്ട മതത്തിൽനിന്ന് ജീവജലത്തിന്റെ ഉറവയിലേക്ക് വരുവാൻ, വിളിച്ചു പറഞ്ഞു.

എട്ടാം അദ്ധ്യായത്തിൽ മതത്തെക്കുറിച്ച് കൂടുതലായി നാം കാണുന്നു. ഒരു വ്യഭിചാരിണിയായ സ്ത്രീയെ തങ്ങളുടെ മതപരമായ മാർഗ്ഗത്തിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ചോദിച്ചുകൊണ്ട് കർത്താവിനെ കുടുക്കുവാൻ മതാനുസാരികളായ ശാസ്ത്രിമാരും പരീശന്മാരും ശ്രമിച്ചു. എന്നാൽ തങ്ങളുടെ മതത്തെ മുറുകെപ്പിടിച്ചിരിക്കുന്ന അവരുടെ ദോഷത്തെ തുറന്നുകാണിക്കുകയും അവരെ നാണംകെടുത്തി നിശ്ശബ്ദരാക്കുകയും ചെയ്ത് കർത്താവ് ജീവന്റെ മാർഗ്ഗത്തിൽ മറുപടി പറഞ്ഞു.

മതത്തിന് ജീവനോടുള്ള എതിർപ്പ് ഒമ്പതാം അദ്ധ്യായത്തിൽ ബലപ്പെട്ടു. അഞ്ചാം അദ്ധ്യായത്തിൽ കർത്താവ് ശബ്ബത്തിൽ ഒരു തളർന്ന മനുഷ്യനെ ചൈതന്യവത്ക്കരിച്ചു. ഒമ്പതാം അദ്ധ്യായത്തിൽ അന്ധനായ മനുഷ്യന് അവൻ കാഴ്ച നൽകി. അവൻ ശബ്ബത്ത് ദിവസത്തിൽ അത് മനപ്പൂർവ്വം ചെയ്തു. എന്തുകൊണ്ട് കർത്താവായ യേശു അന്ധനായ മനുഷ്യന്റെ അടുക്കൽ ശബ്ബത്ത് നാളിനു മുമ്പോ ശേഷമോ പോയില്ല? മരിച്ച മതത്തിന്റെ മരിച്ച അനുഷ്ഠാനങ്ങൾ ലംഘിക്കുവാനായി മനപ്പൂർവ്വം അവനത് ചെയ്തു. മതത്തിന്റെ ജീവനോടുള്ള എതിർപ്പിനെ അത് ഇളക്കി മറിച്ചു. കർത്താവ് മനപ്പൂർവ്വമായി മതാനുസാരികളായ യെഹൂദന്മാരുടെ കണ്ണുകൾക്ക് മുന്നിൽ ശബ്ബത്ത് നിയമം ലംഘിച്ചു. അന്ധനായ മനുഷ്യന്റെ കണ്ണുകൾക്ക് കാഴ്ച ലഭിച്ചു. എന്നാൽ പരീശന്മാരുടെ കണ്ണുകൾക്ക് തങ്ങളുടെ എതിർപ്പിനാൽ അന്ധത ലഭിച്ചു. യേശു തങ്ങളുടെ മതത്തിന് വളരെയധികം എതിരാണ് എന്ന് യെഹൂദന്മാർ കരുതി. കാരണം അവരുടെ മതത്തിന്റെ നിയമങ്ങൾ അവൻ ലംഘിച്ചു. അതുകൊണ്ട്, അവർക്ക് കർത്താവി

നോട് വളരെ ദ്വേഷ്യം തോന്നുകയും അവനെ എതിർക്കുവാൻ തുട ങ്ങുകയും ചെയ്തു. കർത്താവ് സൗഖ്യമാക്കിയ മനുഷ്യനെ അവർ പള്ളിഭ്രഷ്ടനാക്കുകപോലും ചെയ്തു(9:34). അന്ധനായ മനുഷ്യനെ അവർ പള്ളിയിൽനിന്ന് പുറത്താക്കിയപ്പോൾ, അവർ അവനെ തങ്ങ ളുടെ യെഹൂദമതത്തിൽനിന്ന് ഭ്രഷ്ടനാക്കുകയായിരുന്നു. അപ്പോൾ, ആടുകളെ കുറച്ചുകാലത്തേക്ക് സൂക്ഷിക്കുന്ന ആട്ടിൻതൊഴുത്തല്ലാതെ മറ്റൊന്നുമല്ല യെഹൂദമതമെന്ന് അവരോട് പറയുവാൻ കർത്താവ് ആ അവസരം ഉപയോഗിച്ചു. ഇപ്പോൾ മേച്ചിൽപ്പുറം തയ്യാറാവുകയും ആടുകൾ ആലയിൽനിന്ന് വിടുവിക്കപ്പെടുകയും മേച്ചിൽപ്പുറത്തേക്ക് അവ നടത്തപ്പെടുകയും ചെയ്യും. അവർ അന്ധനായ മനുഷ്യനെ തങ്ങ ളുടെ മതത്തിൽനിന്ന് ഭ്രഷ്ടനാക്കിയതുകൊണ്ട്, അത് ആലയിൽനിന്ന് ഒരു ആട് വിടുവിക്കപ്പെടുകയും ജീവനുള്ള മേച്ചിൽപ്പുറമായ ക്രിസ്തു വിലേക്ക് നടത്തപ്പെടുകയും ആയിരുന്നു എന്ന് അവരെ കർത്താവായ യേശു അറിയിച്ചു. പത്താം അദ്ധ്യായത്തിന്റെ അവസാനം കർത്താവ് യെഹൂദമതത്തിന്റെ ആലയിൽനിന്ന് പുറത്തേക്ക് നടന്നു

ഈ സുവിശേഷത്തിന്റെ ആദ്യത്തെ പത്ത് അദ്ധ്യായങ്ങളിൽ മതവും ജീവനും തമ്മിലുള്ള പോരാട്ടം, സമരം നാം കാണുന്നു. ഒടു വിൽ, കർത്താവ് ആ മതം ഉപേക്ഷിക്കുകയും അതിൽനിന്ന് പുറത്തു പോകുകയും ചെയ്തു. അവൻ ഇപ്പോൾ എവിടെയാണ്? അവൻ മത ത്തിനു പുറത്താണ്. അവന് അതുമായി ഒരു ബന്ധവുമില്ല. ഇപ്പോൾ, അവന്റെ പുതിയ നിലപാടിൽ മതപരമായ മൂലകം ഒന്നുമില്ല. മത ത്തിന്റെ എല്ലാ മൂലകങ്ങളും പുറന്തള്ളപ്പെട്ടിരിക്കുന്നു.

## II. മാനുഷികാഭിപ്രായങ്ങൾ എന്ന തടസ്സം

ഇപ്പോൾ നാം അവസാന സംഭവത്തിലേക്ക് വരുന്നു. ഈ സംഭവം യെഹൂദ ആലയിലല്ല; അതിനു പുറത്താണ്. കർത്താവ് യെരുശലേ മിൽനിന്ന് പുറത്തുപോയശേഷം, അവനെ വളരെയധികം സ്നേഹിച്ച ഒരു സഹോദരന്റെയും രണ്ടു സഹോദരിമാരുടെയും ബേഥാന്യയി ലുള്ള ഭവനത്തിലേക്ക് ചെന്നു. അവൻ ചെല്ലുന്നതിനുമുമ്പ് ആ വീട്ടിൽ ചിലത് സംഭവിച്ചു. സഹോദരനായ ലാസറിന് ഗുരുതരമായ രോഗം വരുകയും അവന്റെ സഹോദരിമാർ കർത്താവിന് സന്ദേശം അയ യ്ക്കുകയും ചെയ്തു. അതിനർത്ഥം അവർ അവനോട് പ്രാർത്ഥിച്ചു എന്നാണ് (11:3). പ്രാർത്ഥിക്കുന്നതിൽ യാതൊരു തെറ്റുമില്ല. നിങ്ങൾ പ്രശ്നത്തിലാണെങ്കിൽ, നിങ്ങൾ കർത്താവിന് ഒരു സന്ദേശം അയയ് ക്കണം. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അവനെ ഒരു വാക്ക് അറിയിക്കാം. ഏത് സാഹചര്യത്തെക്കുറിച്ചുമുള്ള വിവരം അവന് നിങ്ങൾക്കയയ്ക്കാം. എന്നാൽ അവൻ എന്തു ചെയ്യും എന്നുള്ളത് അവനെ ആശ്രയിച്ചിരിക്കുന്നു.

പതിനൊന്നാം അദ്ധ്യായം ഒരു പ്രത്യേക ഉദ്ദേശ്യം നിവർത്തിക്കുന്നു: മതത്തിന്റെ എതിർപ്പിനു പുറമേ മാനുഷികാഭിപ്രായങ്ങളും ജീവന് കടുത്ത തടസ്സമാണെന്ന് അത് നമ്മെ കാണിക്കുന്നു. മേൽപ്പറഞ്ഞ അദ്ധ്യായങ്ങളിലെല്ലാം ജീവൻ അഭിമുഖീകരിച്ച പ്രശ്നം മതവുമായിട്ടുള്ളതായിരുന്നു. നാം കണ്ടതുപോലെ, എല്ലാ അദ്ധ്യായത്തിലും ജീവനെ മതം എതിർത്തു. എന്നുവരികിലും, പതിനൊന്നാം അദ്ധ്യായത്തിൽ മതം ഇല്ല. എന്നാൽ മറ്റൊരുതരം തടസ്സമുണ്ട്-മാനുഷികാഭിപ്രായത്തിൽനിന്നുള്ള തടസ്സം. കർത്താവിന്റെ പുനരുത്ഥാന ശക്തിയെ തടസ്സപ്പെടുത്തുന്നതായി ഈ അദ്ധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് എന്താണ്? അത് മാനുഷികാഭിപ്രായങ്ങളാണ്. കർത്താവിന്റെ പുനരുത്ഥാനജീവനെ മാനുഷികാഭിപ്രായങ്ങൾ എങ്ങനെ തടയുന്നു എന്ന് ഈ അദ്ധ്യായം സ്പഷ്ടമായി ചിത്രീകരിക്കുന്നു. മാനുഷികാഭിപ്രായങ്ങൾ കീഴടക്കപ്പെട്ടു കഴിഞ്ഞാൽ, പുനരുത്ഥാനജീവൻ വെളിപ്പെടും. ഇത് മതത്തിലുള്ള ഒരു കാര്യമല്ല, സഭയിൽ, സഭാജീവിതത്തിന്റെ ഹ്രസ്വരൂപമായ ബേഥാന്യയിലെ വീട്ടിൽ ഉള്ള കാര്യമാണ്. യെരുശലേമിൽ നിങ്ങൾ മതത്തിലാണ്, ബേഥാന്യയിൽ നിങ്ങൾ സ്ഥലംസഭയിലാണ്. യെരുശലേമിൽ നിങ്ങൾക്ക് മതമുണ്ട്; സ്ഥലംസഭയിൽ മാനുഷികാഭിപ്രായങ്ങളാലുള്ള പ്രശ്നമുണ്ട്. ഒന്നു മുതൽ പത്തുവരെയുള്ള അദ്ധ്യായങ്ങളിൽ ജീവനായി ക്രിസ്തുവിനെ പൂർണ്ണമായി വെളിപ്പെടുത്തുകയും, അതേസമയം മതം തുറന്നുകാട്ടപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ പതിനൊന്നാം അദ്ധ്യായത്തിൽ പുനരുത്ഥാനജീവനായി ക്രിസ്തു വെളിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതേസമയം മാനുഷികാഭിപ്രായങ്ങളും തല ഉയർത്തിയിരിക്കുന്നു. സഭയിൽ മതത്തിന്റെ പ്രശ്നം ഇല്ല എന്നുവരികിലും മറ്റൊരുതരം തടസ്സമുണ്ട്, മാനുഷികാഭിപ്രായം എന്ന തടസ്സം. കർത്താവാണ് പുനരുത്ഥാനജീവൻ, എന്നാൽ അവനെ അഭിപ്രായങ്ങൾ തടസ്സപ്പെടുത്തുന്നു. ഈ അദ്ധ്യായം മാനുഷികാഭിപ്രായങ്ങളാൽ നിറഞ്ഞിരിക്കുന്നു.

കർത്താവ് പെട്ടെന്നുതന്നെ വരണമായിരുന്നു എന്ന് മാർത്തയും മറിയയും കരുതി. ഇത് അവരുടെ അഭിപ്രായമായിരുന്നു. എന്നാൽ കർത്താവ് ഒരിക്കലും ആരുടെയെങ്കിലും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയില്ല; അവൻ എല്ലായ്പ്പോഴും സ്വന്ത ഇഷ്ട പ്രകാരം പ്രവർത്തിക്കുന്നു. കർത്താവ് പെട്ടെന്നുതന്നെ വരണമായിരുന്നു എന്ന് അവർ കരുതി. എന്നാൽ കർത്താവ് മനപ്പൂർവ്വം രണ്ടു ദിവസംകൂടി മാറിനിന്നു.

കർത്താവ് പുനരുത്ഥാനവും ജീവനും ആണ്; മരണം അവനൊരു പ്രശ്നമല്ല. മരണത്തെ വിഴുങ്ങുവാൻ അവന് എളുപ്പമാണ്. മരണം നമുക്കൊരു പ്രശ്നമായിരിക്കാം. എന്നാൽ ക്രിസ്തുവിന് അത് ഒരു പ്രശ്നമല്ല. പുനരുത്ഥാനമായ അവന് മരണത്തെ അതിജീവിക്കുവാനും

വിഴുങ്ങുവാനും കഴിയും. എന്നാലും, നാം അവനെ പുനരുത്ഥാന മായി പ്രയോഗിക്കുന്നതിലേക്ക് വരുമ്പോൾ മാനുഷികാഭിപ്രായങ്ങൾ എന്ന പ്രശ്നം നാം നേരിടുന്നു. ഈ ദൂതിൽ നമ്മുടെ അഭിപ്രായങ്ങ ളുടെ കാര്യത്തെ സംബന്ധിച്ച് നിങ്ങളെ ഉദ്ബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം നാം കാണുന്നതിന് തടസ്സമായിരിക്കുന്ന സ്ഥലംസഭയിലെ പ്രശ്നം നമ്മുടെ അഭിപ്രായ മാണ്.

നിങ്ങൾ ഈ അദ്ധ്യായം ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ, ലാസറിന്റെ മരണംപോലും സജ്ജീകരിച്ചത് ദൈവം ആണ് എന്നു നിങ്ങൾ കാണും. തന്റെ സർവ്വാധികാരത്തിൽ, യേശുവിന്റെ അനു യായിയെ മരിക്കുവാൻ അനുവദിച്ച സാഹചര്യം ദൈവം ഒരുക്കി. ക്രിസ്തുവിന്റെ പുനരുത്ഥാനശക്തിയെ പ്രദർശിപ്പിക്കുവാൻ അപ്ര കാരമൊരു മരണസാഹചര്യം ദൈവത്തിന്റെ സർവ്വാധികാരം ഒരുക്കി. മരണം കൂടാതെ പുനരുത്ഥാനം പ്രദർശിപ്പിക്കുവാൻ മറ്റൊരു മാർഗ്ഗ മില്ല. പുനരുത്ഥാനത്തിന് മരണം ആവശ്യമാണ്. എങ്ങനെ അത് ഇല്ലാതെ പുനരുത്ഥാനം ആവിഷ്കരിക്കുവാൻ കഴിയും? ലാസറിന്റെ മരണത്തിനായി നാം കർത്താവിന് സ്തോത്രം ചെയ്യേണ്ടത് ആവ ശ്യമാണ്. മരണം ഇല്ലാതെ പുനരുത്ഥാനം ആവിഷ്കരിക്കപ്പെടുവാൻ ഒരിക്കലും കഴിയുകയില്ലെന്ന് മാർത്തയും മറിയയും കണ്ടിരുന്നുവെ ങ്കിൽ, തങ്ങളുടെ സഹോദരൻ മരിക്കുന്നത് കണ്ടപ്പോൾ അവർ കർത്താവിനെ സ്തുതിക്കുമായിരുന്നു. ഈ മരണം കർത്താവിന്റെ പുനരുത്ഥാനത്തെ വെളിപ്പെടുത്തുമെന്ന് അവർ അറിയുമായിരുന്നു. ഇപ്രകാരം ഒരു കാര്യത്തിൽ മാനുഷികാഭിപ്രായം ഉണ്ടാകുമായിരു ന്നില്ല.

നമുക്ക് ഇത് സ്ഥലംസഭയിലെ സാഹചര്യങ്ങളിൽ പ്രയോഗിക്കാം. എപ്പോഴും ആരെങ്കിലും സ്ഥലംസഭയിൽ മരിക്കുന്നുണ്ടാകും. ആരെ ങ്കിലുമോ എന്തെങ്കിലുമോ എപ്പോഴും മരിച്ചുകൊണ്ടിരിക്കുന്നു. ഉത്ത രവാദപ്പെട്ടവർ ഇത്തരം ഒരു മരണസാഹചര്യം കാണുമ്പോൾ, വിഷ മിക്കുകയും കർത്താവിനോട് പറയുകയും ചെയ്യും, “കർത്താവേ, ഇത് നിന്റെ സഭയല്ലേ? നീ സഭയെ സ്നേഹിക്കുന്നില്ലേ? സഭയിൽ ചിലത് മരിച്ചുകൊണ്ടിരിക്കുന്നു എന്നു നീ അറിയുന്നില്ലേ? കർത്താവേ, വേഗം വരണമേ.” ഇതൊരു നല്ല പ്രാർത്ഥനയാണ്; എന്നാൽ ഇത് മാനുഷി കാഭിപ്രായം അനുസരിച്ചുള്ള പ്രാർത്ഥനയാണ്. നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുന്തോറും, കർത്താവ് അകന്നു നിൽക്കും. മാനുഷികാഭി പ്രായത്തെ ക്ഷീണിപ്പിക്കുവാൻ അവൻ തന്റെ വരവ് വൈകിപ്പിക്കും.

ഈ അദ്ധ്യായത്തിലെ വെളിച്ചം ആദ്യമായി കണ്ടപ്പോൾ ഞാൻ ചിരിക്കുകയായിരുന്നു. ഈ അദ്ധ്യായത്തിൽ എത്രമാത്രം അഭിപ്രാ യങ്ങളുണ്ടെന്ന് ഞാനൊരിക്കലും കണ്ടിട്ടില്ലായിരുന്നു. ലാസർ രോഗി

യായിരുന്നു എന്ന് തീർച്ചയായും കർത്താവിന് അറിയാമായിരുന്നു. അവർ ഒരു വിവരവും അവന് അയച്ചില്ലെങ്കിൽകൂടിയും, സാഹചര്യം എങ്ങനെ കൈകാര്യം ചെയ്യണമെന്നും അവൻ കൃത്യമായി അറിഞ്ഞിരുന്നു. എങ്കിലും, അവർ അവനെ വിവരം അറിയിച്ചു. എന്നാൽ അവൻ അതിനാൽ ഇളകിയില്ല. ചിലപ്പോൾ കർത്താവിനെ ചലിപ്പിക്കുവാൻ വളരെ പ്രയാസമാണ്. "കർത്താവേ, ഞങ്ങൾ നിന്റെ കരം ചലപ്പിക്കുന്നു" എന്ന് ഒരു പ്രാർത്ഥനായോഗത്തിൽ നിങ്ങൾ പറഞ്ഞേക്കാം, എന്നാൽ അവന്റെ കരം ഇളക്കുവാൻ നിങ്ങൾ ശ്രമിക്കുന്തോറും അവന്റെ കരങ്ങൾ ചലിക്കുവാൻ വിസമ്മതിക്കും. നിങ്ങളുടെ അഭിപ്രായമനുസരിച്ച് കർത്താവ് ഒരിക്കലും നീങ്ങുകയില്ല. വാർത്ത കേട്ടപ്പോൾ അവന്റെ ഹൃദയം കഠിനവും ഇളകാത്തതും ആയിരുന്നു. അവൻ ആയിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസംകൂടി അവൻ പാർത്തു.

Wed

## A. ശിഷ്യന്മാരുടെ അഭിപ്രായം

11:8–16–ൽ നാം ശിഷ്യന്മാരുടെ അഭിപ്രായം കാണുന്നു. ലാസറിന്റെ രോഗത്തെക്കുറിച്ചുള്ള വാർത്ത വന്നപ്പോൾ കർത്താവിന്റെ ഹൃദയം ഇളകിയില്ല. ശിഷ്യന്മാർ കുഴങ്ങുകയും അന്തംവിടുകയും ചെയ്തിരിക്കണം. ശിഷ്യന്മാർ എത്ര നിരാശപ്പെട്ടുവെന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയും. രണ്ടു ദിവസം കഴിഞ്ഞ്, കർത്താവ് പെട്ടെന്ന് ലാസറിനെ കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അവൻ പറഞ്ഞു, "നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുന്നു; എങ്കിലും ഞാൻ അവനെ ഉറക്കത്തിൽനിന്നും ഉണർത്തുവാൻ പോകുന്നു"(11:11). ശിഷ്യന്മാർ ഉടനെ അവനോട് പറഞ്ഞു,"കർത്താവേ, അവൻ ഉറങ്ങുന്നു എങ്കിൽ അവന് സൗഖ്യം വരും"(11:12). ഇവിടെ നാം ശിഷ്യന്മാരുടെ മാനുഷികാഭിപ്രായം കാണുന്നു. കർത്താവ് പോകുവാൻ ആഗ്രഹിക്കാതിരുന്നപ്പോൾ അവർ അന്തംവിട്ടു. കർത്താവ് പോകുവാൻ തുടങ്ങിയപ്പോൾ പോകേണ്ട ആവശ്യമില്ലെന്നും അവർ ചിന്തിച്ചു. പോകുവാനും ലാസറിനെ കാണുവാനുമുള്ള തന്റെ താല്പര്യം കർത്താവ് വെളിപ്പെടുത്തിക്കഴിഞ്ഞപ്പോൾ, ശിഷ്യന്മാരെല്ലാം അവരുടെ അഭിപ്രായങ്ങളും വെളിപ്പെടുത്തി. പോകുന്നത് അപകടകരമാണെന്ന് അവർ കർത്താവിനോട് പറഞ്ഞു. കാരണം യെഹൂദന്മാർ അവനെ കല്ലെറിയുവാൻ അന്വേഷിച്ചു(11:8). ഇത് കർത്താവിന്റെ ഇഷ്ടത്തിന് എപ്പോഴും വിപരീതമായിരിക്കുന്ന മാനുഷികാഭിപ്രായമാണ്. എന്നിരുന്നാലും, കർത്താവ് ലാസറിനെ കാണുവാനായി താൻ പോകുന്നു എന്ന് മനസ്സിലുറപ്പിച്ചു കഴിഞ്ഞാൽ, ആർക്കും അത് മാറ്റുവാനാകില്ല. ഒടുവിൽ, ശിഷ്യന്മാർ പോകുവാൻ സമ്മതിച്ചു. എന്നാൽ, യെഹൂദന്മാരുടെ പീഡനം ഭയപ്പെട്ട് അത് ഒരു രക്തസാക്ഷിയുടെ മനോഭാവത്തോടുകൂടിയായിരുന്നു. കാരണം അവരിൽ ഒരുവൻ പറഞ്ഞു,"അവനോടുകൂടെ മരിക്കേണ്ടതിനു നമുക്കും പോകാം"(11:16). പലപ്പോഴും എല്ലാ

സ്ഥലംസഭയിലും സാഹചര്യം കൃത്യമായി ഇതുപോലെയാണ്. ധാരാളം അഭിപ്രായങ്ങളുണ്ട്.

### B. മാർത്തയുടെ അഭിപ്രായം

കർത്താവ് വന്നപ്പോൾ, അവനെ ആദ്യം കണ്ടത് മാർത്തയായിരുന്നു(11:20). എന്നാൽ കർത്താവിന് എന്തെങ്കിലും പറയുവാൻ കഴിയുന്നതിനുമുമ്പ്, മാർത്ത വായ് തുറന്ന് മറ്റൊരഭിപ്രായം മുമ്പോട്ട് വച്ചു: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ, എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു"(11:21). കർത്താവ് വന്നത് വളരെ താമസിച്ചായിരുന്നു എന്ന് അവൾ പരാതിപ്പെടുകയായിരുന്നു. കർത്താവ് അവളോട് പറഞ്ഞു: "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും" (11:23). ഇതിനർത്ഥം കർത്താവ് അവനെ ഉടൻതന്നെ ഉയിർപ്പിക്കും എന്നായിരുന്നു. എങ്കിലും, മാർത്ത പറഞ്ഞു,"അന്ത്യനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് ഞാൻ അറിയുന്നു"(11:24). ഇപ്പോഴത്തെ പുനരുത്ഥാനം അവസാനദിവസത്തേക്ക് മാറ്റുവാനായി മാർത്ത കർത്താവിന്റെ ഈ വചനത്തെ വ്യാഖ്യാനിച്ചു. ദിവ്യവചനത്തിന്റെ എന്തൊരു വ്യാഖ്യാനം! കർത്താവിന്റെ ഇപ്പോഴത്തെ പുനരുത്ഥാനജീവന്റെ ആസ്വാദനത്തിൽനിന്ന് ജനത്തെ തടയുന്ന അടിസ്ഥാന ഉപദേശത്തിന്റെ എന്തൊരു വിനാശകരമായ അറിവ്! അപ്പോൾ കർത്താവായ യേശു അവളോട് പറഞ്ഞു,"ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കുകയില്ല"(11:25-26). കർത്താവ് അവളോട് ഇങ്ങനെ പറയുന്നതായി തോന്നും,"ഇത് സമയത്തിന്റെ ഒരു വിഷയമല്ല. എനിക്ക് സമയത്തിന്റെ പ്രശ്നമില്ല. ഒന്നും അധികം വൈകിയിട്ടില്ല, ഒന്നും അധികം നേരത്തെയുമല്ല. ഞാൻ ഇവിടെ ഉള്ളിടത്തോളം എല്ലാ കാര്യങ്ങളും ശരിയാകും. കാരണം ഞാൻ നിന്റെ സഹോദരനെ ഉയിർപ്പിക്കും."പിന്നെ കർത്താവ് മാർത്തയോട് ചോദിച്ചു,"നീ ഇതു വിശ്വസിക്കുന്നുവോ?"മാർത്ത മറുപടി പറഞ്ഞു, "ഉവ്വ് കർത്താവേ, ലോകത്തിലേക്ക് വരുന്ന ദൈവപുത്രനായ ക്രിസ്തു നീ ആകുന്നു എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു"(11:27). അവൾ മറുപടിയായി പറഞ്ഞത് തീർച്ചയായും കർത്താവ് ചോദിച്ചതിനായിരുന്നില്ല. കർത്താവ് പറയുന്നത് എന്തിനെക്കുറിച്ച് ആയിരുന്നുവെന്ന് അവൾക്ക് വ്യക്തമായിരുന്നില്ല. അവളുടെ പഴയതും നേരത്തെ സ്വായത്തമാക്കിയതുമായ അറിവ് കർത്താവിന്റെ പുതിയ വചനം മനസ്സിലാക്കുന്നതിൽനിന്നു അവളെ തടഞ്ഞു.

ധാരാളം അറിവും ഉപദേശവും ഉള്ള ഇന്നത്തെ അനേക ക്രിസ്ത്യാനികളെപ്പോലെയാണ് മാർത്ത."അന്ത്യനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് ഞാൻ അറിയുന്നു"എന്ന്

മാർത്ത പറഞ്ഞു. ഇത് തീർത്തും തിരുവെഴുത്തിൻപ്രകാരമുള്ളതും ശരിയുമാണെന്ന് തോന്നും. പിന്നെ കർത്താവ് അവളോട് താൻ ലാസറിനെ ഉയിർപ്പിക്കുമെന്ന് അവൾ വിശ്വസിക്കുന്നുവോ എന്നു ചോദിക്കുകയും അവൾ, ദൈവപുത്രനായ ക്രിസ്തു നീ ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറയുകയും ചെയ്തു. കർത്താവ്, ക്രിസ്തുവും ദൈവപുത്രനും ആണെന്നുള്ള ഒരുതരം ഉപദേശത്തിൽ അവൾ വിശ്വസിച്ചു. അന്ത്യനാളിൽ, മരിച്ചുപോയ എല്ലാ വിശുദ്ധന്മാരെയും കർത്താവ് ഉയിർപ്പിക്കുമെന്ന ഉപദേശത്തിൽ അവൾ വിശ്വസിച്ചു. മുഴുവൻ അറിവും അവൾക്കുണ്ടായിരുന്നു. എന്നാൽ അത് കർത്താവ് പഠിപ്പിച്ച ജീവനുള്ള അറിവായിരുന്നില്ല. അവളുടെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെല്ലാം അവൾക്ക് എല്ലാ അറിവും ഉണ്ടായിരുന്നു എന്ന വസ്തുത നിമിത്തമായിരുന്നു. ഇന്ന്, അനേക ക്രിസ്ത്യാനികൾക്ക് അഭിപ്രായങ്ങളുണ്ട്, കാരണം അവർക്ക് അനേക പഠിപ്പിക്കലുകളുണ്ട്. ആന്തരിക ജീവനെക്കുറിച്ച് ചിലർ അവരോട് സംസാരിക്കുമ്പോൾ, അവർ ഉടൻതന്നെ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ ആരംഭിക്കും. ഏറെ അറിവും ഏറെ ഉപദേശങ്ങളും അവസാനമില്ലാത്ത അഭിപ്രായങ്ങളെ ജനിപ്പിക്കുന്നു.

കർത്താവ് ക്രിസ്തുവും ദൈവപുത്രനും ആണെന്ന് അവൾ വിശ്വസിക്കുന്നു എന്ന് പറഞ്ഞശേഷം മാർത്ത ചെന്ന് അവളുടെ സഹോദരി മറിയയെ വിളിച്ചു. "ഗുരു വന്നിട്ടുണ്ട്; നിന്നെ വിളിക്കുന്നു" എന്ന് മാർത്ത പറഞ്ഞു(11:28). എന്നാൽ, കർത്താവ് മറിയയെ വിളിച്ചതായി പറയുന്ന ഒരു വാക്ക് എനിക്ക് കണ്ടെത്തുവാൻ കഴിയുന്നില്ല. അത് മാർത്തയുടെ അഭിപ്രായമായിരുന്നു. അത് അവളുടെ ഊഹിച്ചെടുത്ത അഭിപ്രായമായിരുന്നു. സ്വന്ത അഭിപ്രായങ്ങൾ നിറഞ്ഞ ഒരു വ്യക്തിയെ വീണ്ടും നാം മാർത്തയിൽ കാണുന്നു. അവൾക്ക് ഒരിക്കലും നിശബ്ദയായിരിക്കുവാൻ കഴിയാത്തവണ്ണം അവൾ തന്റെ അഭിപ്രായങ്ങളിൽ സജീവമായിരുന്നു. ഒരുപക്ഷേ നിങ്ങളും കർത്താവിനെ വളരെയധികം സ്നേഹിക്കുന്നുണ്ടായിരിക്കാം, എന്നാൽ മാർത്തയെപ്പോലെ, നിങ്ങൾക്കും നിശബ്ദനാകുവാൻ കഴിയുകയില്ല.

## C.മറിയയുടെ അഭിപ്രായം

മാർത്തയുടെ വാക്ക് നിമിത്തം മറിയ കർത്താവിന്റെ അടുക്കൽ ചെന്നു. മാർത്ത ആദ്യം കർത്താവിനോട് പറഞ്ഞത് അവൾ ആവർത്തിച്ചു: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു"(11:32). ഇതും ഒരു അഭിപ്രായം, കർത്താവിന് നേരെയുള്ള ഒരു പരാതി, ആയിരുന്നു.

കർത്താവ് ഒരിക്കലും വാദിച്ചില്ല; അവരുടെ അഭിപ്രായം അവൻ സ്വീകരിച്ചതുമില്ല. കർത്താവ് സന്നിഹിതനായിരിക്കുന്നിടത്തോളം

എല്ലാ കാര്യങ്ങളും ശരിയായിരിക്കുമെന്ന് അവർക്ക് മനസ്സിലായിരുന്നില്ലെന്നുമാത്രം. അവർക്ക് അത് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല, കാരണം അവർ വളരെ ദുഃഖിതരായിരുന്നു, കരയുകയും ആയിരുന്നു. ഈ കാരണത്താൽ, കർത്താവ് തന്റെ ആത്മാവിൽ ഞരങ്ങുകയും വിഷമിക്കുകയും ചെയ്തു(11:33). അവൻ ഞരങ്ങിയത് ലാസറിന്റെ മരണം നിമിത്തമല്ല, പിന്നെയോ ദുഃഖിച്ചിരിക്കുന്നവരിൽ ഒരുവൻ പോലും, അവൻ ഇപ്പോഴത്തെ പുനരുത്ഥാനമായിരുന്നുവെന്ന് അറിഞ്ഞില്ല എന്ന വസ്തുത മൂലം ആയിരുന്നു. അവൻ അതിനാൽ വിഷമിക്കുകയും ചെയ്തു. അവർ എവിടെയാണ് ലാസറിനെ വച്ചത് എന്ന് പിന്നെ കർത്താവ് അവരോട് ചോദിച്ചു. "കർത്താവേ, വന്നു കാണുക" എന്ന് അവർ അവനോട് പറഞ്ഞു (11:34). ഈ മറുപടി വളരെ നല്ലതായിരുന്നു. ആ അഭിപ്രായമായിരുന്നു ഏറ്റവും നല്ലത്. സഭക്ക് ഒരു പ്രശ്നമുള്ളപ്പോൾ ഏറെ സംസാരിക്കരുത്. "കർത്താവേ, വന്നു കാണുക"എന്നു മാത്രം പറയുക. ആ ഘട്ടത്തിൽ, ലാസറിന്റെ മരണംമൂലമുള്ള അവരുടെ ദുഃഖത്തോടുള്ള സഹതാപംകൊണ്ട് കർത്താവ് കരഞ്ഞു.

## D. യെഹൂദന്മാരുടെ അഭിപ്രായം

11:36-38-ൽ നാം യെഹൂദന്മാരുടെ അഭിപ്രായം കാണുന്നു. കർത്താവ് കരഞ്ഞത്(11:35) അവൻ ലാസറിനെ സ്നേഹിച്ചതുകൊണ്ടായിരുന്നു എന്ന് അവർ കരുതി. എന്നാൽ ചിലർ, ലാസർ മരിക്കാതിരിക്കുവാൻ എന്തുകൊണ്ട് കർത്താവിന് കഴിയാതിരുന്നു എന്ന് ചോദിച്ചു. ആ അഭിപ്രായങ്ങളും അതോടൊപ്പം ലാസറിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുവാനുള്ള കർത്താവിന്റെ പ്രാപ്തിയിലുള്ള യെഹൂദന്മാരുടെ അജ്ഞതയും കാരണം കർത്താവ് വീണ്ടും ഞരങ്ങി.

Thu — 

## E. മാർത്തയുടെ അഭിപ്രായം വീണ്ടും

കർത്താവ് കല്ലറയ്ക്കൽ എത്തിയപ്പോൾ, കല്ല് എടുത്തുമാറ്റുവാൻ അവൻ അവരോട് പറഞ്ഞു. ഒരിക്കൽകൂടി, മാർത്ത അവളുടെ അഭിപ്രായത്താൽ കർത്താവിനെ തടഞ്ഞു."കർത്താവേ, നാറ്റം വച്ചിട്ടുണ്ട്, അവൻ അവിടെയായിട്ട് നാലു ദിവസമായല്ലോ"എന്ന് അവൾ പറഞ്ഞു(11:39). കല്ലു നീക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ലെന്ന് അവൾക്ക് തോന്നി. ഈ അദ്ധ്യായത്തിൽ മതപരമായി യാതൊന്നുമില്ല, എന്നാൽ കർത്താവിന്റെ മാർഗ്ഗത്തെ തടയുന്ന ധാരാളം അഭിപ്രായങ്ങളുണ്ട്. സഭയിലെ ജനത്തിന് കർത്താവ്, ജീവൻ ആണെങ്കിലും, സഭയിലെ ജനത്തിൽനിന്ന് വളരെയധികം മാനുഷികാഭിപ്രായങ്ങൾ അവൻ നേരിടുന്നു. അത് ശിഷ്യന്മാരുടെയും മാർത്തയുടെയും മറിയയുടെയും അവരുടെ യെഹൂദ സുഹൃത്തുക്കളുടെയും അഭിപ്രായങ്ങളെ നേരിടുന്നതുപോലെ തന്നെയാണ്.

### F. അറിവിന്റെ വൃക്ഷത്തിൽനിന്നുള്ള അഭിപ്രായങ്ങൾ ജീവവൃക്ഷത്തിന് എതിര്

അഭിപ്രായങ്ങളെല്ലാം മനുഷ്യന്റെ മനസ്സിൽനിന്ന് പുറത്തുവരുന്നു. അതുകൊണ്ട് അവയെല്ലാം ജീവവൃക്ഷത്തിന് എതിരായ അറിവിന്റെ വൃക്ഷത്തിൽനിന്നുള്ളവയാണ്. ജീവവൃക്ഷം വാസ്തവത്തിൽ നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള കർത്താവു തന്നെയാണ്. നാം നമ്മുടെ അഭിപ്രായങ്ങളുമായി നിൽക്കുമ്പോൾ, നമ്മുടെ പുനരുത്ഥാനജീവനായി കർത്താവിനെ ആസ്വദിക്കുന്നതിൽനിന്ന് നാം അകന്നു നിൽക്കുകയാണ്. നമ്മുടെ അഭിപ്രായങ്ങൾ കീഴ്പ്പെടുമ്പോൾ, നമുക്ക് എളുപ്പം കർത്താവിനെത്തന്നെ പൂർണ്ണമായി ആസ്വദിക്കുന്നതിലേക്ക് പ്രവേശിക്കാം.

## III. ജീവന്റെ പുനരുത്ഥാനം

### A. മരിച്ചവർക്ക് ജീവൻ നൽകുന്നു

കർത്താവ് പുനരുത്ഥാനം എന്ന നിലയിൽ മരിച്ചവർക്ക് ജീവൻ നൽകുന്നു. അവനാണ് പുനരുത്ഥാനവും ജീവനും. പുനരുത്ഥാനത്തിൽ, ഈ ജീവൻ മരിച്ചവരിലേക്ക്, മരണത്തിൽനിന്ന് അവരെ ഉയിർപ്പിക്കുവാൻ പകരപ്പെടുന്നു. ഇതാണ് ജീവന്റെ പുനരുത്ഥാനം.

### B. മനുഷ്യന്റെ വിധേയത്വവും സഹകരണവും ആവശ്യം

ഒരു കാര്യം നാം ഇവിടെ കാണണം. കർത്താവിന് ലാസറിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുവാൻ കഴിയുമായിരുന്നു എന്നതാണ് കാര്യം. എന്നിരുന്നാലും, ഒന്നും അവന് ചെയ്യുവാൻ കഴിഞ്ഞില്ല, കാരണം അവനെ തുടർച്ചയായി മാനുഷികാഭിപ്രായങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. അവർ കീഴ്പെട്ടതായ സമയം വരുന്നതുവരെ, അവരുടെ അഭിപ്രായങ്ങൾ അവന് തടസ്സമായിരുന്നു. ഒടുവിൽ, ഒരളവിലുള്ള വിധേയത്വത്തോടെ മാർത്ത കീഴ്പ്പെട്ടു. കർത്താവിന് പുനരുത്ഥാനജീവൻ, പുനരുത്ഥാനശക്തി ഉണ്ട്. എന്നാൽ അതിന് നമ്മുടെ സഹകരണം ആവശ്യമാണ്. അതിന് നമ്മൂടെ വിധേയത്വം ആവശ്യമാണ്. എന്താണ് നമ്മുടെ വിധേയത്വം? അത് നമ്മുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുക എന്നതു മാത്രമാണ്. നിങ്ങളുടെ അഭിപ്രായം നിങ്ങൾ ഉപേക്ഷിക്കുകയും സംസാരിക്കുവാൻ കർത്താവിനെ അനുവദിക്കുകയും ചെയ്യുക. "ഈ കല്ലു നീക്കുവിൻ,"എന്ന് അവൻ പറയുമ്പോൾ, നാം അതു നീക്കിയാൽ മതി. നാം അവന് കീഴ്പ്പെടുകയും അവനുമായി സഹകരിക്കുകയും ഏകോപിക്കുകയും വേണം. നാം അവന്റെ വചനത്തിനു കീഴ്പ്പെടുകയും അവനോട് സഹകരിക്കുകയും പുനരുത്ഥാനശക്തിയോട് ഏകോപിക്കുകയും ചെയ്യേണ്ടത് ആവശ്യ

മാണ്. മരിച്ചവരെ ഉയിർപ്പിക്കുവാൻ പ്രാപ്തിയുള്ള കർത്താവ് എന്തുകൊണ്ട് കല്ല് തന്നെത്താൻ മാറ്റിയില്ല? കാരണം, പുനരുത്ഥാനശക്തിക്ക് നമ്മുടെ സഹകരണം ആവശ്യമാണ്. അവർ കല്ല് മാറ്റിയ ഉടനെ, കർത്താവ് വലിയ ശബ്ദത്തിൽ"ലാസറേ പുറത്തുവരിക!"എന്നു വിളിച്ചു പറയുകയും(11:41-43), ലാസർ മരിച്ചവരിൽനിന്ന് ഉയിർക്കുകയും ചെയ്തു. അവൻ ജീവനുള്ള കർത്താവിന്റെ ശബ്ദം കേൾക്കുകയും ജീവൻ പ്രാപിക്കുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും ചെയ്തു. ലാസർ കല്ലറയിൽനിന്ന് പുറത്തുവന്ന ശേഷവും അവന് മാനുഷിക സഹകരണത്തിന്റെ ആവശ്യമുണ്ടായിരുന്നു. ലാസറിന്റെ കൈകളും കാലുകളും ശവസംസ്കാരത്തിനുള്ള ശീലകൾകൊണ്ട് കെട്ടപ്പെട്ടും, അവന്റെ മുഖം തൂവാലകൊണ്ട് കെട്ടപ്പെട്ടും ഇരുന്നു. അതുകൊണ്ട്, യേശു അവരോട് പറഞ്ഞു,"അവനെ അഴിച്ചുവിടുവിൻ-അവൻ പോകട്ടെ"(11:44) എന്ന്. ഉയിർത്തെഴുന്നേറ്റ ലാസറിൽനിന്ന് വച്ചുകെട്ടുകൾ അവർ നീക്കണമായിരുന്നു. അവർ അത് ചെയ്യുകയും പുനരുത്ഥാനവേല പൂർത്തീകരിക്കപ്പെടുകയും ചെയ്തു.

മറ്റുള്ളവരെ അവരുടെ വച്ചുകെട്ടുകളുടെ ബന്ധനത്തിൽനിന്ന് വിടുവിക്കുവാൻ കർത്താവുമായി സഹകരിച്ചുകൊണ്ട് നാമും വേല ചെയ്യണം. സഭയിൽ ജനത്തെ അവരുടെ മരണത്തിൽനിന്ന് കർത്താവ് ഉയിർപ്പിക്കുമ്പോൾ, അവരെ തങ്ങളുടെ ഭൗമിക ബന്ധനത്തിൽനിന്ന് വിടുവിക്കുവാൻ നാം അവനോട് സഹകരിക്കേണ്ടത് ആവശ്യമാണ്. ഇത്തരത്തിലുള്ള സഹകരണത്താൽ സഭ ജീവനായ കർത്താവിന്റെ സാക്ഷ്യമായിത്തീരുന്നു. കർത്താവിന് ഗുഹയിൽനിന്ന് കല്ല് മാറ്റുവാനും, ലാസറിന്റെ വച്ചുകെട്ടുകൾ നീക്കുവാനും കഴിയുമായിരുന്നു. എന്നാൽ അവൻ അത് ചെയ്തില്ല. പിന്നെയോ, നാം അവനോട് സഹകരിക്കുവാൻ അവൻ ആവശ്യപ്പെടും. എന്നാലും, നമുക്ക് അവനോട് സഹകരിക്കുവാൻ കഴിയുന്നതിനു മുമ്പ് നാം ആദ്യം നമ്മുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുകയും അവന്റെ ഇഷ്ടപ്രകാരം പ്രവർത്തിക്കുകയും ചെയ്യണം. സഭാജീവിതത്തിൽ, നാം നമ്മുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കണം. കർത്താവിന്റെ വചനത്തിനും പ്രവൃത്തിക്കും കീഴ്പെടണം. അവന്റെ പുനരുത്ഥാനശക്തിയോട് നാം സഹകരിക്കുകയും വേണം.

സ്ഥലംസഭകളിലെ എല്ലാവരും പഠിക്കേണ്ട ഗൗരവമായ ഒരു പാഠമാണിത്. പ്രത്യേകിച്ച് മാർത്തമാരും മറിയമാരും-നേതൃത്വം കൊടുക്കുന്നവർ, ഉത്തരവാദിത്വമുള്ളവർ- തങ്ങളുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുവാൻ പഠിക്കണം. അവർ തങ്ങളെത്തന്നെയും തങ്ങളുടെ അഭിപ്രായങ്ങളും കർത്താവിന് കീഴ്പ്പെടുത്തുകയും അവനോടും അവന്റെ പുനരുത്ഥാനശക്തിയോടും സഹകരിക്കുകയും ചെയ്യണം. ഏതെങ്കിലും സ്ഥലംസഭയിൽ നേതൃത്വം കൊടുക്കുന്നവൻ തങ്ങളുടെ അഭി

പ്രായങ്ങൾ ഉപേക്ഷിക്കുകയും കർത്താവിന്റെ വചനത്തിന് തങ്ങളെ കീഴ്പ്പെടുത്തുകയും, കർത്താവിന്റെ പുനരുത്ഥാനശക്തിയോട് സഹകരിക്കുകയും ചെയ്താൽ, ആ സഭ പുനരുത്ഥാനജീവൻ കാണും. ഇത്, ഈ അദ്ധ്യായത്തിന്റെ മുഖ്യ വെളിപ്പാടിന്റെ ഒരു ഭാഗമാണ്; അത് മാനുഷികാഭിപ്രായങ്ങളുടെ സമർപ്പണവും, കർത്താവിനെ സ്നേഹിക്കുന്നവരുടെ അവന്റെ പുനരുത്ഥാനശക്തിയോടുള്ള സഹകരണവുമാണ്. കർത്താവ് ഇന്ന് തന്റെ പുനരുത്ഥാനശക്തി വെളിപ്പെടുത്തുവാനുള്ള അവസരത്തിനായി ഇപ്പോഴും കാത്തിരിക്കുകയാണ്. എന്നാൽ അവന് വിധേയത്വവും സഹകരണവും ഏകോപനവും ലഭിക്കുവാൻ പ്രയാസമാണ്. സ്ഥലംസഭയിൽ നേതൃത്വം കൊടുക്കുന്നവർ എന്ന നിലയിൽ, പ്രാർത്ഥിക്കുന്നതിലും നമ്മുടെ അഭിപ്രായപ്രകാരം കാര്യങ്ങൾ ചെയ്യുവാൻ കർത്താവിനോട് ആവശ്യപ്പെടുന്നതിലും നാം തിരക്കുള്ളവരായിരിക്കാം. നാം നമ്മുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുകയും എല്ലാ അഭിപ്രായങ്ങളും അവന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അവനോട് സഹകരിക്കുകയും ചെയ്യണം. കല്ല് മാറ്റുവാൻ അവൻ നിങ്ങളോട് ആവശ്യപ്പെടുമ്പോൾ, അത് മാറ്റുക. ഒരു പ്രത്യേക കാര്യം ചെയ്യുവാൻ അവൻ നിങ്ങളോട് പറയുമ്പോൾ, അത് ചെയ്യുക. അപ്പോൾ നിങ്ങൾ പുനരുത്ഥാനജീവൻ കാണും. നിങ്ങൾ പുനരുത്ഥാനശക്തി കാണും. യോഹന്നാൻ 11-ലെ വെളിപ്പാടിന്റെ ഒരു ഭാഗമാണിത്. അനേകരും ലാസർ മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെടുന്ന കഥ മാത്രമേ കണ്ടിട്ടുള്ളൂ. മതത്തിനു പുറത്ത്, സ്ഥലംസഭകളിൽ, ജീവനായ കർത്താവിനുള്ള തടസ്സം നമ്മുടെ മാനുഷികാഭിപ്രായങ്ങളിൽനിന്ന് വരുന്നു എന്ന ഈ അദ്ധ്യായത്തിലെ വെളിപ്പാട് അവർ കണ്ടിട്ടില്ല.

### C. മരണത്തെ ജീവനായി വാസ്തവമായി മാറ്റുന്നത്

മരിച്ചവരെ ഉയിർപ്പിക്കുക എന്നാൽ വാസ്തവമായി മരണത്തെ ജീവനിലേക്ക് മാറ്റുക എന്നാണ്. ഈ സംഭവത്തിന്റെ അർത്ഥം വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്ന അടയാളത്തിന്റേതുതന്നെയാണ്. ആ അടയാളത്തിലെ മറിയയുടെ അഭിപ്രായം കർത്താവ് വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നതിനെ തടസ്സപ്പെടുത്തിയതുപോലെ, ഈ സംഭവത്തിലെ മാർത്തയുടെ അഭിപ്രായം കർത്താവിന്റെ പുനരുത്ഥാനശക്തിയെ തടസ്സപ്പെടുത്തി. മറിയയുടെ അഭിപ്രായം കീഴ്പെട്ടപ്പോൾതന്നെ, കർത്താവിന്റെ മാറ്റുന്ന ശക്തി വെളിപ്പെട്ടു. മാർത്തയുടെ അഭിപ്രായം കീഴ്പ്പെട്ടപ്പോൾ, കർത്താവിന്റെ പുനരുത്ഥാനശക്തി പ്രബലപ്പെട്ടു.